*No. 001/2011/CL Dtd: 09.03.2011* *Latin Archdiocese of Trivandrum, Vellayambalam*

# തപസ്സുകാലം 2011
# കുട്ടികളെ തടയരുത് (cf. മാർക്ക് 10,14)

ദൈവത്തിനു സ്തുതി!
ദൈവജനത്തിനു സമാധാനം!

വന്ദ്യവൈദികരേ, പ്രിയ മക്കളേ,

ഉത്ഥാനം ചെയ്ത യേശുവിന്റെ മഹത്വത്തിൽ പങ്കുചേരുകയാണ് നമ്മുടെ ജീവിത ലക്ഷ്യം. ഈ അവബോധം തമ്മിൽ ആഴമാക്കുവാനാണ് ഉയിർപ്പുതിരുന്നാൾ ആരാധനാക്രമത്തിലെ ഏറ്റവും വലിയ മഹോത്സവമായി നാം കൊണ്ടാടുന്നത്. നാൽപതു ദിവസത്തോളം നീണ്ടു നിൽക്കുന്ന തപസ്സുകാലത്തിലൂടെയാണ് നാം ഉയിർപ്പു തിരുന്നാളിനു ഒരുങ്ങുന്നത്. കഴിഞ്ഞ ബുധനാഴ്ച നെറ്റിയിൽ ചാരം പൂശികൊണ്ട് നാം തപസ്സുകാലം ആരംഭിച്ചു. പാപവഴികളിൽ നിന്നകന്ന് പ്രാർത്ഥനയിലൂടെയും പ്രായശ്ചിത്തത്തിലൂടെയും സൽപ്രവൃത്തികളിലൂടെയും നമ്മെത്തന്നെ വിശുദ്ധീകരിക്കേണ്ട കാലഘട്ടമാണ് തപസ്സുകാലം. വർദ്ധിച്ചു വരുന്ന ഭൗതികതയുടെ അതിപ്രസരമാണല്ലോ നമ്മെ ദൈവത്തിൽ നിന്ന് അകറ്റുകയും നമ്മിലെ ദൈവികമൂല്യങ്ങളെ നശിപ്പിച്ചുകളയുകയും ചെയ്യുന്നത്. ഇതിന് ഇന്ന് മറ്റാരെക്കാളും കൂടുതലായി ഇരകളായിത്തീരുന്നത് നമ്മുടെ കുട്ടികളാണ്. അതുകൊണ്ട് ഈ തപസ്സു കാലത്ത് നമ്മുടെ കുട്ടികളുടെ ഇന്നത്തെ അവസ്ഥയെകുറിച്ചു ചിന്തിക്കുവാനും അവരോടുള്ള ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിറവേറ്റുന്നുണ്ടോ എന്ന് ആത്മപരിശോധന ചെയ്യുവാനും ഞാൻ നിങ്ങളെ ക്ഷണിക്കുകയാണ്.

മുളച്ചു വരുന്ന ചെടികൾക്കു തുല്യരാണ് കുട്ടികൾ, നല്ല ഫലം പുറപ്പെടുവിക്കണമെങ്കിൽ ചെടികളെ നാം ജാഗ്രതയോടെ പരിപാലിക്കണം; കളകൾ പിഴുതുകളയണം; തക്ക സമയത്തു തന്നെ ആവശ്യമായ വളവും വെള്ളവും നൽകുകയും കീടബാധ ഒഴിവാക്കുകയും ചെയ്യണം. കതിരിൽകൊണ്ട് വളംവച്ചിട്ട് കാര്യമില്ലല്ലോ. വീണ്ടും, കുശവന്റെ കൈയിലെ കളിമണ്ണുപോലെയാണവർ. ഏതുരൂപത്തിൽ വേണമെങ്കിലും കുട്ടികളെ മെനഞ്ഞെടുക്കാനാവും. ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരാണ് മനുഷ്യർ. (ഉൽ.1,27) ക്രിസ്തുവിലൂടെ വീണ്ടെടുക്കപ്പെട്ട ഈ രൂപവും സാദൃശ്യവും പാപത്താൽ വികൃതമാകാൻ അനുവദിക്കാതെ, തിരിച്ചറിവാകുന്ന നാൾ മുതൽ നന്മയുടെ മാർഗ്ഗത്തിലൂടെ വേണം നാം കുട്ടികളെ നയിക്കുവാൻ. 'ചുട്ടയിലെ ശീലം ചുടലവരെ' എന്ന ആപ്തവാക്യം നാം മറക്കരുത്.

കുട്ടികളോട് എന്തുമാവാം, എങ്ങനെവേണമെങ്കിലും പെരുമാറാം എന്നു കരുതുന്നത് ശരിയല്ല. അവർക്കും അവരുടേതായ അവകാശങ്ങളുണ്ട്. ശാരീരിക വളർച്ചയ്ക്കാവശ്യമായ പോഷകാഹാരവും സന്തുഷ്ടമായ ഒരു

കുടുംബാന്തരീക്ഷവും കുട്ടികളുടെ അവകാശമാണ്. സ്നേഹവും പരിലാളനയും അംഗീകാരവും പ്രോത്സാഹനവുമൊക്കെ ഈ അവകാശത്തിന്റെ ഭാഗങ്ങളാണ്. തങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകളെ കണ്ടെത്താനും വികസിപ്പിച്ചെടുക്കുവാനും വേണ്ട പരിശീലനവും സൗകര്യങ്ങളും ലഭിക്കേണ്ടത് കുട്ടികളുടെ അവകാശമാണ്. വർദ്ധിച്ചു വരുന്ന ഉപഭോഗസംസ്കാരത്തിന്റെ നീരാളിപ്പിടുത്തത്തിൽപ്പെടാതിരിക്കേണ്ടത് കുട്ടികളുടെ അവകാശവും അധാർമ്മിക മാർഗ്ഗങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കേണ്ടത് മാതാപിതാക്കളുടെ കടമയുമാണ്.

എന്നാൽ കുട്ടികളോട് ഇന്നത്തെ കുടുംബങ്ങളും സമൂഹവും നീതി പുലർത്താത്തതുകൊണ്ട് അവർ കൈവിട്ടുപോകുന്ന അനുഭവമാണ് പരക്കെയുള്ളത്. ഈ അടുത്ത കാലത്ത് 'സൺഡേ ശാലോം', 'ക്രിസ്റ്റീൻ' 'താലന്തു', തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ കുട്ടികളെകുറിച്ച് പ്രസിദ്ധീകരിച്ച വിവരങ്ങളും വിശകലനങ്ങളും വായിച്ചപ്പോൾ ഭയം തോന്നുന്നു. കൂട്ടുകുടുംബങ്ങൾ അണുകുടുംബങ്ങളായതോടെ കുട്ടികളുടെ സാമൂഹിക-ധാർമ്മിക-സാംസ്ക്കാരിക വളർച്ചയിൽ മുമ്പില്ലാതിരുന്ന പിരിമുറുക്കങ്ങളും മാനസിക സംഘർഷങ്ങളുമാണ് കണ്ടുവരുന്നത്. പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റേയും പങ്കുവയ്ക്കലിന്റെയും അനുസരണത്തിന്റേയും സ്ഥാനത്തു ഇന്നു കാണുന്നത് മാത്സര്യവും, സ്വാർത്ഥതയും, അനുസരണക്കേടുമൊക്കെയാണ്. ഭാവിയെക്കുറിച്ച് വ്യക്തമായ ഒരു ദർശനമോ ലക്ഷ്യമോ അവരിൽ നല്ലൊരു ഭാഗത്തി നുമില്ല. നല്ലതെന്തെന്നും ചീത്തയെന്തെന്നും, വേണ്ടതെന്തെന്നും വേണ്ടാത്തതെന്തെന്നും നിശ്ചയിക്കുന്നത് കുട്ടികൾ തന്നെയാണ്. നിരീശ്വരവാദവും ദൈവനിന്ദയും സഭാസംവിധാനങ്ങളിൽ നിന്നുള്ള അകൽച്ചയും പാപാസക്തികളും അവരിൽ വർദ്ധിച്ചുവരുന്നു.

അണുകുടുംബത്തിലെ മാതാപിതാക്കൾക്ക് കുട്ടികൾക്കാവശ്യമായ സ്നേഹവും മാർഗ്ഗ നിർദേശങ്ങളും പ്രോത്സാഹനവും നൽകുവാൻ സമയമോ സാവകാശമോ കിട്ടാറില്ല. പിഞ്ചുപ്രായം മുതൽ കുട്ടികൾ കൂടുതൽ സമയവും ആയമാരുടെ സംരക്ഷണത്തിലും അദ്ധ്യാപകരുടെ പരിശീലനത്തിലുമാണ്. ഇവർക്കാർക്കും മാതാപിതാക്കളുടെ പകരക്കാരാവാൻ ആവില്ലല്ലോ. ഇവരിൽ പലരും കുട്ടികളെ വേണ്ട വിധത്തിൽ ശ്രദ്ധിക്കാറില്ല; കുട്ടികളുടെ നിഷ്കളങ്കതയെ ചൂഷണം ചെയ്യുന്നവരുമുണ്ട്. ഇന്ത്യയിലെ കട്ടികളെകുറിച്ച് ഈ അടുത്ത കാലത്തു നടത്തിയ ഒരു സ്ഥിതി വിവരണകണക്കനുസരിച്ച് 60% കുട്ടികൾ സാമ്പത്തിക ഞെരുക്കത്തിലോ അപകർഷതാബോധത്തിലോ ആണ്. 50% വൈകാരികമായ സംഘർഷങ്ങൾക്കും 30% കുട്ടികൾ ലൈംഗിക ചൂഷണങ്ങൾക്കും വിധേയരാണ്. ഇന്റർനെറ്റ്, ടെലിവിഷൻ, മൊബൈൽ തുടങ്ങിയ അത്യാധുനിക സൗകര്യങ്ങളുടെ ദുരുപയോഗം കാരണം മുതിർന്നവർ പോലും ചെയ്യാൻ മടിക്കാത്ത കുറ്റകൃത്യങ്ങളാണ് ഇന്നു കുട്ടികൾ ചെയ്യുന്നത്. ലോകത്തെ കിടുകിടാ വിറപ്പിച്ച കമ്പ്യൂട്ടർ വൈറസ് സൃഷ്ടിച്ച ജർമ്മനിയിൽ നിന്നുള്ള 'സൈബർ കുറ്റവാളിയുടെ' പ്രായം 14 വയസ്സു മാത്രമായിരുന്നു.

കുട്ടികളുടെ യഥാർത്ഥ അവസ്ഥ എന്തെന്നു മനസ്സിലാക്കാതെ അവർ ഭവനങ്ങൾക്കുള്ളിലും സമൂഹത്തിലും തികച്ചും സുരക്ഷിതരാണെന്നു വിചാരിക്കുന്ന മാതാപിതാക്കളാണധികവും; ദുരുപദേശങ്ങളിലൂടെയും ദുർമാതൃകകളിലൂടെയും സ്വന്തം കുട്ടികളുടെ നാശത്തിനു വഴി തെളിയിക്കുകയും വളംവച്ചു കൊടുക്കുകയും ചെയ്യുന്നവരുണ്ട്; എന്തു ചെയ്യണമെന്നറിയാതെ വിധിയെ പഴിച്ചു കഴിയുന്ന മാതാപിതാക്കളുമുണ്ട്. കുട്ടികളെ ഭാരവും ശല്യവുമായിക്കരുതി സ്വന്തം സുഖത്തിനും സൗകര്യങ്ങൾക്കും വേണ്ടി കൂടുതൽ കുട്ടികൾ വേണ്ടെന്നു വയ്ക്കുന്ന ദമ്പതികൾ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. ഉള്ള കുട്ടികൾക്കു തന്നെ

ഇങ്ങനെയുള്ളവരിൽ നിന്ന് തികഞ്ഞ അവഗണനയാണ് ലഭിക്കുന്നത്. കുട്ടികളുടെ കഴിവും താൽപര്യവും പരിഗണിക്കാതെ അവരുടെ ഭാവിയെക്കുറിച്ചുള്ള മാതാപിതാക്കളുടെ മാത്രം ഇഷ്ടാനിഷ്ടങ്ങൾ അവരുടെമേൽ അടിച്ചേൽപ്പിക്കുന്നതും അതിനായി അവശ്യം വേണ്ട കളികളും വിനോദങ്ങളും അവർക്കു നിഷേധിക്കുന്നതും അവകാശ ലംഘനം മാത്രമല്ല കുട്ടികളോടു കാട്ടുന്ന ക്രൂരത കൂടിയാണ്. കുട്ടികളെ ലാളിക്കാനുള്ള വ്യഗ്രതയിൽ അവർ ചോദിക്കുന്നതൊക്കെ മേടിച്ചു കൊടുക്കുന്നതും ശരിയായ സമീപനമല്ല. സമ്പന്ന കുടുംബങ്ങളിലും കുറെയൊക്കെ ജീവിത സൗകര്യങ്ങളുള്ള കുടുംബങ്ങളിലുമാണ് ഇതു സംഭവിക്കുന്നത്. ദരിദ്ര കുടുംബങ്ങളിലാകട്ടെ പൊതുവേ കുട്ടികളെ വരുമാനമാർഗ്ഗമായിട്ടാണ് കാണുന്നത്. വളരെ ചെറുപ്പത്തിലേ ഭാരിച്ച ജോലികൾ ചെയ്യുവാൻ നിർബന്ധിതരാക്കുന്നതു കാരണം ഇവർക്ക് അവകാശപ്പെട്ട ബാല്യം തന്നെ നഷ്ടപ്പെടുന്നു. ആർക്കും വേണ്ടാതെ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളാകട്ടെ, അവകാശങ്ങൾ നിഷേധിക്കുന്ന സമൂഹത്തോടുള്ള പകയോടെ വളർന്നു വരികയും കുറ്റ കൃത്യങ്ങളുടെ ലോകത്ത് വ്യാപരിക്കുകയും ചെയ്യുന്നു.

വിശുദ്ധ അലോഷ്യസ് ഗൊൺസാഗ ഒരു പ്രഭുകുടുംബത്തിലാണ് ജനിച്ചത്. കുഞ്ഞിനെ മടിയിലിരുത്തി ലാളിക്കുമ്പോഴൊക്കെ അദ്ദേഹത്തിന്റെ അമ്മ കുഞ്ഞിനോട് ഇപ്രകാരം ആവർത്തിച്ചു പറയുമായിരുന്നു. "മകനേ, നീ നാളെ ഒരു ചെറിയ പാപം പോലും ചെയ്യുന്നത് കാണുന്നതിനെക്കാൾ ഇപ്പോൾ എന്റെ മടിയിൽ മരിച്ചു കിടക്കുന്നതു കാണാനാണ് ഞാൻ ആഗ്രഹി ക്കുന്നത്". എല്ലാ ജീവിത സൗകര്യങ്ങളുമുണ്ടായിരുന്ന ഒരു കുടംബമായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യായുടേത്. എന്നാൽ നശ്വരമായ ഭൗതിക വസ്തുക്കൾ വാരികൂട്ടുന്നതല്ല, ഒരു വിശുദ്ധയായി ത്തീരുന്നതാണ് ഏറ്റവും വലിയ കാര്യമെന്ന് അവളുടെ മാതാപിതാക്കളും സഹോദരിമാരും എപ്പോഴും അവളെ ഉപദേശിക്കുമായിരുന്നു. ഇന്നത്തെ മാതാപിതാക്കൾക്ക് കുട്ടികളോടുള്ള മനോഭാവമെന്തെന്ന് അവർ തന്നെ ആത്മപരിശോധനചെയ്തു നോക്കാനുള്ള ഒരു അവസരമായിരിക്കട്ടെ ഈ തപസ്സുകാലം.

കുട്ടികൾ പൂർണ്ണമായും മാതാപിതാക്കളുടെ നിയന്ത്രണത്തിലാണ്. അവരെ കർശനമായ ശിക്ഷണത്തിലും കർക്കശമായ അനുസരണത്തിലും വളർത്തണമെന്നാണ് തിരുവചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. ( cf: സുഭാ, 13,24; 19,18,23,13) സുഭാഷിതങ്ങളുടെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു. "ശിശുവിന്റെ ഹൃദയത്തിൽ ഭോഷത്തം കെട്ടുപിണഞ്ഞു കിടക്കുന്നു. ശിക്ഷണഹത്തിന്റെ വടി അതിനെ ആട്ടിയോടിക്കുന്നു". "മകനു ശിക്ഷണം നൽകുക, അവൻ നിനക്കു ആശ്വാസഹേതുവാകും; നിന്റെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുകയും ചെയ്യും" (29,17). കുട്ടികളെ ദൈവ വിശ്വാസത്തിലും ദൈവാനുഭവത്തിലും വളർത്തുക എന്നതാണ് മാതാപിതാക്കളുടെ ഏറ്റവും വലിയ ചുമതല. (cf, പുറ. 12,26-27) അവരെ അവർ ദൈവഭവനത്തിലേയ്ക്കും ദൈവിക മാർഗ്ഗങ്ങളിലേയ്ക്കും നിയമത്തിന്റെ വഴികളിലേയ്ക്കും നയിക്കണം (cf. 1 സാമു, 1,22) (നിയ, 31,12, സുഭാ, 22,15-16)

അതുപോലെ മാതാപിതാക്കളെയും മുതിർന്നവരെയും സന്തോഷിപ്പിക്കുകയും ( cf: സുഭ. 10,1; 29, 17) ബഹുമാനിക്കുകയും (cf: പുറ 29,12) സ്നേഹിക്കുകയും (cf. ഉൽ,28,7; 47,30) അനുസരിക്കുകയും (cf. സഭ6,20) സംരക്ഷിക്കുകയും (cf. ഉൽ, 45,9.11; 47,12) ചെയ്യേണ്ടത് കുട്ടികളുടെയും കടമയാണ്. അനുകരണാർഹരായ ധാരാളം നല്ല കുട്ടികളുടെ മാതൃകകൾ വേദപുസ്തകത്തിലുണ്ട്. കുട്ടികൾക്ക് ഏറ്റവും നല്ല മാതൃക "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും" (ലൂക്കാ. 2,52) വളർന്നു വന്ന ബാലനായ യേശു തന്നെയാണ്. കുട്ടികളെ സ്നേഹപൂർവ്വം സ്വീകരിക്കുകയും പ്രശംസിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന യേശുവിനെയാണ് സുവിശേഷങ്ങൾ നമുക്കു കാണിച്ചു തരുന്നത്. (cf. മർക്കോസ് 10,13-16) പൗലോസ്

അപ്പസ്തോലനെ അനുകരിച്ച് "ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്. എന്റെ ഇപ്പോഴത്തെ ഐഹികജീവിതം എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവ പുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്" (ഗലാ. 2.20) എന്ന് നമ്മുടെ മക്കൾക്കു പറയാൻ സാധിക്കുമ്പോഴാണ് അവരുടെ ജീവിതം ധന്യമാകുന്നത്. അതുപോലെ തന്നെ പൗലോസ് അപ്പസ്തോലനോടൊപ്പം മക്കളെ നോക്കി മാതാപിതാക്കൾക്കും ഇപ്രകാരം പറയാൻ സാധിക്കണം; "എന്റെ കുഞ്ഞു മക്കളെ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ ഞാൻ വീണ്ടും നിങ്ങൾക്കു വേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു". (ഗലാ, 4-20)

മാതാപിതാക്കളും ഇടവക ഭാരവാഹികളും സഹകരിച്ചാൽ കുട്ടികളോടു നീതി പുലർത്താനും അവരെ വിശുദ്ധീകരിക്കുവാനും ധാരാളം കാര്യങ്ങൾ ചെയ്യാനാവും. പ്രത്യേകിച്ചും ഈ തപസ്സുകാലത്തു നാം ശ്രദ്ധിക്കേണ്ട ഏതാനും ചില കാര്യങ്ങളിവയാണ്;

- ദിവ്യബലിയിലും കുരിശിന്റെ വഴിയിലും കുടുംബ പ്രാർത്ഥനകളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ കുട്ടികളെ സഹായിക്കുക.
- യേശുവിനോടുള്ള സ്നേഹത്തെ പ്രതി ചെറിയ ചെറിയ ത്യാഗങ്ങൾ അനുഷ്ഠിച്ചുകൊണ്ട് ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യാനുള്ള അവസരങ്ങൾ കുട്ടികൾക്ക് ഒരുക്കികൊടുക്കുക.
- മതബോധനക്ലാസ്സുകളിൽ നമ്മുടെ കുട്ടികൾ മുടങ്ങാതെ സംബന്ധിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുക. അതേ സമയം തന്നെ പത്തു പന്ത്രണ്ടു കൊല്ലങ്ങളിലെ മതബോധനം കുഞ്ഞുങ്ങളിൽ ഉദ്ദേശിക്കുന്ന ഫലം പുറപ്പെടുവിക്കുന്നില്ല എന്നതിന്റെ സൂചനകളാണ് അവരുടെ ഇടയിൽ വർദ്ധിച്ചു വരുന്ന ധാർമ്മിക അധഃപതനം. ഇതിന്റെ കാരണങ്ങൾ കണ്ടെത്തി മതബോധനം ഫലപ്രദമാക്കുന്നതിനായിരിക്കണം ഓരോ ഇടവകയും മുൻഗണന നൽകേണ്ടത്.
- കെ.സി.എസ്.എൽ, കുട്ടികളുടെ ബി.സി.സി തുടങ്ങിയ സംവിധാനങ്ങൾ ഒന്നു കൂടി സജീവമാക്കുക.
- ഇന്നത്തെ ബാലപ്രസിദ്ധീകരണങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലെ കുട്ടികൾക്കായുള്ള പരിപാടികളിലൂടെയും നന്മയുടെ പരിവേഷമണിഞ്ഞ കുട്ടിചാത്തന്മാരും ഭൂതപ്രേതാദിക ളുമാണ് കുട്ടികളുടെ മനസ്സിൽ കയറിപറ്റുന്നത്. ഇവയ്ക്കു പകരം മൂല്യബോധം വളർത്തുന്ന പരിപാടികൾ തെരെഞ്ഞെടുക്കുവാൻ കുട്ടികളെ സഹായിക്കുകയും ക്രിസ്തീയ ബാലപ്രസിദ്ധീകരണങ്ങൾ അവരുടെ ഇടയിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- വിശുദ്ധരുടെ ജീവചരിത്രം വായിക്കുവാൻ കുട്ടികളെ സഹായിക്കുകയും അവരെക്കുറിച്ച് കുട്ടികളെഴുതുന്ന ചെറിയ ലേഖനങ്ങൾ കൈയെഴുത്തു പ്രതികളായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന ഒരു പതിവ് ചില ഇടവകകളിലൊക്കെ കണ്ടിട്ടുണ്ട്. അനുകരണാർഹമായ ഒരു മാതൃകയാണിത്.
- വർഷത്തിലൊരിക്കലെങ്കിലും കുട്ടികൾക്ക് ഇടവകതലത്തിലോ മറ്റു ധ്യാനകേന്ദ്രങ്ങളിലോ രണ്ടു മൂന്ന് ദിവസങ്ങൾ നീണ്ടു നിൽക്കുന്ന ജീവിത നവീകരണ ധ്യാനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുക.
- സർവ്വ പ്രധാനമായി ഉപദേശത്തെക്കാളുപരി നല്ല മാതൃകയിലൂടെ മക്കളെ പഠിപ്പിക്കുവാനും പരിശീലിപ്പിക്കുവാനും മാതാപിതാക്കളും മുതിർന്നവരും ശ്രദ്ധിക്കണം. നുണ പറയുകയും മദ്യപിക്കുകയും കലഹിക്കുകയും അനീതി പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് മക്കളെ സത്യസന്ധരായും, സൽസ്വഭാവികളായും വളർത്തുവാൻ സാധിക്കുകയില്ലല്ലോ. കുട്ടികൾക്ക് ദുർമാതൃക നൽകുന്നവരെ അപലപിക്കുവിൻ യേശു ഉപയോഗിച്ച കടുത്ത വാക്കുകൾ എപ്പോഴും നമ്മുടെ ഓർമ്മയിലുണ്ടായിരിക്കണം:

“എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ദുഷ്പ്രേരണ നൽകുന്നവൻ ആരായാലും അവനു കൂടുതൽ നല്ലത് കഴുത്തിൽ ഒരു വലിയ തിരികല്ലു കെട്ടി കടലിന്റെ ആഴത്തിൽ താഴ്ത്തപ്പെടുന്നതായിരിക്കും” (മത്താ. 18,6).

നാം വിചാരിക്കുന്നതിനെക്കാളും വളരെ കുറച്ചു കാലമേ നമ്മുടെ മക്കൾ നമ്മോടൊത്തുണ്ടാവുകയുള്ളൂ. അവർ കിളികളെ പോലെ ചിറകുള്ളവരാണ്; പറന്നു പോകുവാനൊരുങ്ങുന്നവരാണ്. അവർ സ്വപ്നം കാണുന്ന ഒരു ആകാശം അവർക്കുണ്ട്. അവരെ തടഞ്ഞു നിർത്താൻ നമുക്കാവില്ല. അവർ നമ്മോടായിരിക്കുന്നിടത്തോളം കാലം അവരെ സ്നേഹപൂർവ്വം നമുക്കു നെഞ്ചോട് ചേർത്തു പിടിക്കാം; ആവുന്നത്ര നന്മ ചെയ്യാം; നാളെ ആകാശത്തിൽ അവർ പാറി പറക്കുമ്പോൾ വേടന്റെ അസ്ത്രം കൊണ്ട് നിലം പതിക്കാതിരിക്കാനുള്ള വിദ്യകൾ അവർക്കു ഉപദേശിച്ചു കൊടുക്കാം. സർവ്വോപരി ദൈവത്തിന്റെ സുരക്ഷിതമായ കരങ്ങളിൽ നമുക്കു അവരെ വളർത്താം.

സുകൃത സമ്പന്നമായ ഒരു തപസ്സുകാലവും അനുഗ്രഹപ്രദമായ ഉയിർപ്പു തിരുന്നാൾ ഞാൻ നിങ്ങൾക്കു ആശംസിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം
09.03.2011

✝ സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത

---

***P.S*** *ഈ ഇടയലേഖനം 2011 മാർച്ചു മാസം 13-ാം തീയതി ഞായറാഴ്ച്ച ദിവ്യബലി മദ്ധ്യേ വായിച്ചു വിശദീകരിക്കേണ്ടതാണ്.*